# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5544      02/11/2016-ൽ മറുപടിക്ക്

## വൈദ്യുതി കണക്ഷൻ ലഭിക്കാൻ വൈദ്യുതി മീറ്റർ സ്വന്തമായി വാങ്ങി നൽകണം എന്ന വ്യവസ്ഥ

| | ചോദ്യം<br><br>ശ്രീ.കെ.ഡി.പ്രസേനൻ | | ഉത്തരം<br><br>ശ്രീ. കടകം പള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി കണക്ഷൻ ലഭിക്കാൻ എ.പി.എൽ വിഭാഗത്തിൽപ്പെട്ടവർ വൈദ്യുതി മീറ്റർ സ്വന്തമായി വാങ്ങി നൽകണം എന്ന വ്യവസ്ഥ എന്ന മുതലാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഉപഭോക്താവിന് അംഗീകൃത ടെസ്റ്റിങ്ങ് ലാബിൽ പരിശോധിച്ച് ക്ഷമത ഉറപ്പ് വരുത്തിയ മീറ്റർ ഉപയോഗിക്കാനോ അല്ലെങ്കിൽ ബോർഡ്/വിതരണ ലൈസൻസിയോട് മീറ്റർ നൽകാൻ ആവശ്യപ്പെടാനോ ഉള്ള അവസരം വർഷങ്ങളായി നിലവിലുണ്ട്. ഇത് പൂർണ്ണമായും ഉപഭോക്താവിന്റെ തീരുമാനമാണ്. ഇക്കാര്യത്തിൽ എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കായി പ്രത്യേക നിബന്ധനകൾ ഒന്നും നിലവില്ല. ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് ടെസ്റ്റ് ചെയ്ത സിംഗിൾ ഫേസ് എനർജി മീറ്ററുകൾ 25 ഇലക്ട്രിക്കൽ സർക്കിൾ ഓഫീസുകളോടനുബന്ധിച്ചുള്ള ഔട്ട്ലെറ്റുകൾ വഴി ലഭ്യമാക്കാനായി ബോർഡ് 17.09.2015 ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. |
| (ബി) | പല ഉപഭോക്താക്കളും മീറ്റർ വിൽപ്പന കേന്ദ്രത്തിലെത്തുന്നതിന് 70 കിലോമീറ്റർ വരെ സഞ്ചരിക്കേണ്ടിവരുന്ന എന്ന അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ തയ്യാറാവുമോ; | (ബി)<br><br>& | തയ്യാറായിട്ടുണ്ട്. ഔട്ട്ലെറ്റുകൾ മുഖേന വെണ്ടർമാർ ലഭ്യമാക്കുന്ന സിംഗിൾ ഫേസ് എനർജി മീറ്ററുകളിൽ കുറച്ച് എണ്ണം അതാത് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ സ്റ്റോക്ക് ചെയ്ത് ഉപഭോക്താവിന് നേരിട്ട് |

| | | | |
|---|---|---|---|
| (സി) | കെ.എസ്.ഇ.ബി.സെക്ഷൻ ഓഫീസുകളിൽ ആവശ്യത്തിനുള്ള മീറ്ററുകൾ മുൻകൂറായി ശേഖരിച്ച് ഉപഭോക്താക്കളിൽ നിന്നും വില ഈടാക്കി കണക്ഷൻ നൽകുന്നതിനുള്ള നിയമതടസ്സം തരണം ചെയ്യുന്നതിന് എന്ത് നിലപാട് സ്വീകരിക്കുമെന്നറിയിക്കാമോ? | (സി) | നൽകുന്നതിനുള്ള സംവിധാനം ബോർഡ് പരിശോധിച്ച് വരുന്നു. ഇതു കൂടാതെ 16 ലക്ഷം സിംഗിൾ ഫേസ് എനർജി മീറ്ററുകളും 1.5 ലക്ഷം ത്രീ ഫേസ് മീറ്ററുകളും ബോർഡ് സ്വന്തമായി വാങ്ങുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ